**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1659** **28-07-2021 - ൽ മറുപടിയ്ക്ക്**

**കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാട്ടത്തിനും പലിശയ്ക്കും കൃഷി ചെയ്യുന്ന കുട്ടനാട്ടിലെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടനാട് മേഖലയിൽ നിന്ന് സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില സമയബന്ധിതമായി കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭരണവില നൽകുന്നതിനായി പി.ആർ.എസ് വായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 10 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നെല്ല് നൽകിയ കൈപ്പറ്റ് രസീത് ബാങ്കിൽ ഹാജരാക്കുന്ന മുറയ്ക്ക് ബാങ്കുകൾ സംഭരണ വില കർഷകർക്ക് നൽകും. ഈ തുകയും അതിന്റെ പലിശയും സപ്ലൈകോ തിരിച്ചടയ്ക്കും. ടി പദ്ധതി പ്രകാരം സമയബന്ധിതമായി തന്നെ കർഷകർക്ക് സംഭരണ വില ലഭിക്കുന്നുണ്ട്. |
| (ബി) | വേനൽ മഴയിലും മറ്റും നനഞ്ഞ് കേട്ടു വരാതെ കൊയ്ത്ത് കഴിഞ്ഞാൽ ഉടൻ നെല്ല് സംഭരണം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കൊയ്ത്ത് വിവരം കർഷകർ പാഡി മാർക്കറ്റിംഗ് ഓഫീസറെ അറിയിക്കുന്ന ഉടൻതന്നെ പ്രസ്തുത പാടം സപ്ലൈകോയുമായി കരാർ ഒപ്പിട്ടിട്ടുള്ള മില്ലിന് അലോട്ട് ചെയ്യുകയും കൊയ്ത്ത് കഴിഞ്ഞ് ഗുണനിലവാര മാനദണ്ഡങ്ങൾക്കുള്ളിൽ നിൽക്കുന്ന നെല്ല് വൈകാതെ തന്നെ സംഭരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. മഴക്കാലത്ത് നെല്ല് നനയാതെ സൂക്ഷിക്കുന്നതിനും, ഉണക്കുന്നതിനും, പതിര് കളഞ്ഞ് വൃത്തിയാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമൂലം നെല്ല് സംഭരണ സമയത്ത് കർഷകർ ബുദ്ധിമുട്ട് നേരിടുകയും സംഭരണത്തിന് അപൂർവ്വമായി തടസ്സങ്ങളുണ്ടാകാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി നെല്ല് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ